LIBRARY ARCHIVES Kerala Legislative Assembly

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ സോഷ്യൽ വർക്കർ, സോഷ്യൽ സയന്റിസ്റ്റ് തസ്തികകൾ

118 (825) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ സോഷ്യൽ വർക്കർ, സോഷ്യൽ സയന്റിസ്റ്റ് തസ്തികകൾ എത്രയെണ്ണം ഉണ്ടെന്ന് സ്ഥാപനം തിരിച്ച് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് സ്ഥാപനം തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത തസ്തികകളിലെ നിയമനം സംബന്ധിച്ച സ്പെഷൽ റൂൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) സോഷ്യൽ വർക്കർ-2 തസ്തിക, മെഡിക്കൽ കോളേജ്, തിരുവനന്തപുരം
സോഷ്യൽ വർക്കർ (എം.എസ്.ഡബ്ല്യു) 1 തസ്തിക, മെഡിക്കൽ കോളേജ്, കോട്ടയം

സോഷ്യൽ സയന്റിസ്റ്റ്	-	10 തസ്തിക
മെഡിക്കൽ കോളേജ്, തിരുവനന്തപുരം	-	5
മെഡിക്കൽ കോളേജ്, ആലപ്പുഴ	-	3
മെഡിക്കൽ കോളേജ്, തൃശ്ശൂർ	-	2

(ബി) സോഷ്യൽ വർക്കർ (എം.എസ്.ഡബ്ല്യു.) -1 (കോട്ടയം മെഡിക്കൽ കോളേജ്)

(സി) സ്പെഷ്യൽ റൂൾ നിലവിലില്ല.

സർക്കാർ മേഖലയിലെ മെഡിക്കൽ കോളേജുകൾ

119 (826) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സർക്കാർ മേഖലയിൽ ഇപ്പോൾ എത്ര മെഡിക്കൽ കോളേജുകളാണുള്ളത്, അവ ഏതെല്ലാമാണെന്ന വ്യക്തമാക്കുമോ ;

(ബി) ഓരോ മെഡിക്കൽ കോളേജിലും അനുവദിച്ചിട്ടുള്ള വിവിധ അദ്ധ്യാപക തസ്തികകൾ ഏതെല്ലാമാണെന്നും ; എത്ര വീതമാണെന്നും വ്യക്തമാക്കുമോ ;

(സി) നിലവിൽ ഓരോ ഗവൺമെന്റ് മെഡിക്കൽ കോളേജിലെയും ഓരോ വിഭാഗത്തിൽ എത്ര അദ്ധ്യാപക തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലെ അദ്ധ്യാപകർക്ക് ദീർഘകാല അവധി അനുവദിച്ചു നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഇ) ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലെ അദ്ധ്യാപക തസ്തികകളിലെ ഒഴിവുകൾ നികത്തുന്നതിന് എന്ത നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന വിശദവിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ) നിലവിലുള്ള 5 മെഡിക്കൽ കോളേജുകൾക്ക് പുറമേ മഞ്ചേരി, ഇടുക്കി, കൊച്ചി, പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിന്റെ കീഴിലുള്ള പാലക്കാട് മെഡിക്കൽ കോളേജ് എന്നിവയാണ് ഇപ്പോൾ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന സർക്കാർ മെഡിക്കൽ കോളേജുകൾ.

(ബി-ഇ) വിവരം ശേഖരിച്ചുവരുന്നു.

സർക്കാർ മെഡിക്കൽ കോളേജുകൾ

120 (827) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിൽ എത്ര സർക്കാർ മെഡിക്കൽ കോളേജുകൾ ഉണ്ട് ; ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ഉള്ളവ എത്ര ; ഇല്ലാത്തവ ഏതൊക്കെ ;

(ബി) ഓരോ മെഡിക്കൽ കോളേജ് ആശുപത്രിയിലും സുഗമമായ പ്രവർത്തനത്തിന് ഏതെല്ലാം കാറ്റഗറിയിലുള്ള എത്ര തസ്തികകൾ ആവശ്യമായിട്ടുണ്ട് ; ഓരോ മെഡിക്കൽ കോളേജ് ആശുപത്രിയിലും നിലവിലുള്ള സ്ഥിര തസ്തികകൾ എത്ര ; പ്രസ്തുത തസ്തികകളിൽ ഇപ്പോൾ ഒഴിഞ്ഞുകിടക്കുന്നവ ഏതെല്ലാം , എത്ര വീതം എന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly